# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് അദ്ധ്യാപകർ - ജേർണലിസം വിഭാഗം – പൊതു സ്ഥലം മാറ്റം – 2015 – ഉത്തരവ് പുറപ്പെടുവിക്കുന്നു -

## ഉത്തരവ് നമ്പർ.ബി-4/3314/2015/കോ.വി.വ തീയതി 01.06.2015.

സൂചന :-
1) ഈ ഓഫീസിലെ 09.12.2014-ലെ ബി.2/.45492/2015/കോ.വി.വ നമ്പർ സർക്കുലർ.
2) ജി.ഒ.(എം.എസ്) നമ്പർ.27/1994/ഉ.വി.വ തീയതി 21.02.1994.
3) ജി.ഒ.(എം.എസ്) നമ്പർ.114/2004/ഉ.വി.വ തീയതി 01.09.2004
4) ജി.ഒ.(പി) നമ്പർ.01/2005/ഉ.വി.വ തീയതി 04.01.2005
5) ജി.ഒ.(പി) നമ്പർ.06/2007/പി & എ).ആർ.ഡി തീയതി 04.12.2007.
6) 28.05.2015-ലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റപ്പട്ടിക.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ ജേർണലിസം വിഭാഗം അദ്ധ്യാപകരുടെ 2015-ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരടു പട്ടിക സൂചന (8) പ്രകാരം പ്രസിദ്ധികരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 30.05.2015 ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് സൂചന (2) പ്രകാരം ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ജേർണലിസം വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് 01.06.2015 പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.സ്മിത.ഇ.കെ,<br>അസിസ്റ്റന്റ് പ്രൊഫസർ,<br>എൻ.എം.എസ്.എം.ഗവണ്മെന്റ് കോളേജ്, കൽപ്പറ്റ<br>( അപേക്ഷ) | താനൂർ ഗവണ്മെന്റ് കോളേജിൽ പുതുതായി സൃഷ്ടിച്ച തസ്തികയിൽ |

സ്ഥലം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപിക, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് “ജോയിനിംഗ് ടൈമിന്” അർഹത ഉണ്ടായിരിക്കുന്നതല.

സ്ഥാപന മേധാവി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപികയെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

ഒപ്പ്,
എം.നന്ദകുമാർ.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2) ബന്ധപ്പെട്ട പ്രിൻസിപ്പാൾ / അദ്ധ്യാപിക
3) പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4) അക്കൌണ്ടന്റ് ജനറൽ, കേരള, കോട്ടയം ( ആമുഖ കത്ത് സഹിതം).
5) പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
6) സി.എ – ഡയറക്ടർ / അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
7) സൂപ്രണ്ട് എ / ബി. വിഭാഗം.
8) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി. 02.06..2015